# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 83 — 04.02.2013 ലെ മറുപടിക്ക്

## സർക്കാർ സർവ്വീസിൽ സംവരണ സമുദായങ്ങൾക്ക് പ്രാതിനിധ്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ഉബൈദുള്ള<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.പി.കെ.ബഷീർ** | **ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിൽ സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സർക്കാർ സർവ്വീസിൽ സംവരണ സമുദായങ്ങളായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണ ഘടന ഉറപ്പു നൽകുന്ന പ്രാതിനിധ്യം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ വാർഷിക അവലോകനം നടത്തു-ന്നുണ്ട്. |
| (ബി) | എങ്കിൽ ഏറ്റവും അവസാനം അത്തരം പരിശോധന നടന്നത് എന്നാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | സർക്കാർ സർവ്വീസിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയമന പുരോഗതി അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു കമ്മിറ്റി നിലവിലുണ്ട്. 15.06.2012-ൽ കൂടിയ യോഗത്തിൽ സർക്കാർ സർവ്വീ-സിലെ വിവിധ വകുപ്പുകളിലെ 01.01.2008 അടിസ്ഥാനമാക്കിയുള്ള പട്ടികജാതി പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | പ്രാതിനിധ്യ അവലോകനം നടത്തുകയുണ്ടായി.. |
| (സി) | പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ കാലതാമസം ഉണ്ടാകാറുണ്ടെന്നും, റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് വിജ്ഞാപനം നടത്തുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ കാലതാമസം വരുത്തിയിട്ടുണ്ടെന്നും 15.06.2012-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കണ്ടെത്തിയിരുന്നു. |
| (ഡി) | ഭരണഘടന ഉറപ്പു നൽകുന്ന തരത്തിൽ സംവരണ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിച്ചിട്ടില്ലെന്നത് പരിഗണിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം വകുപ്പ് 'എ' ഉപവകുപ്പ് അനുസരിച്ച് സർക്കാർ സർവ്വീസിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി 10% സംവരണം അനുവദിച്ചിട്ടുണ്ട്. ഇതിൽ 8% പട്ടികജാതിക്കാർക്കും 2% പട്ടികവർഗ്ഗക്കാർക്കുമാണ് സംവരണം ചെയ്തിട്ടുള്ളത്. 01.01.2008 അടിസ്ഥാനമാക്കിയുള്ള അവലോകനത്തിൽ സർക്കാർ സർവ്വീസിൽ പട്ടികജാതി വിഭാഗത്തിന് നിർദ്ദിഷ്ട 10% കവിഞ്ഞ് 12.22 ശതമാനം പ്രാതിനിധ്യം ലഭിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ